REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 05-07-2025 സമയം 06.45 AM

## പ്രധാന വാർത്തകൾ

- **പഞ്ചരാഷ്ട്ര സന്ദർശനത്തിന്റെ മൂന്നാം ഘട്ടത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് അർജന്റീനയിൽ എത്തും.**
- **രണ്ട് ദിവസത്തെ സന്ദർശനത്തിനായി ഉപരാഷ്ട്രപതി ജഗ്ദീപ് ധൻകർ നാളെ കേരളത്തിൽ.**
- **കേന്ദ്ര സഹമന്ത്രി എൽ.മുരുകൻ ഏകദിന സന്ദർശനത്തിനായി തിരുവനന്തപുരത്തെത്തി.**
- **സംസ്ഥാനത്ത് നിപ സമ്പർക്കപ്പട്ടികയിൽ ആകെ 345 പേർ ഉൾപ്പെട്ടതായി മന്ത്രി വീണാ ജോർജ്.**
- **സംസ്ഥാനത്ത് വടക്കൻ ജില്ലകളിൽ ഇന്നും മഴ ശക്തമാകുമെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. എട്ട് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത.**
- **ബർമിംഗ്ഹാമിൽ ഇംഗ്ലണ്ടിന് എതിരായ രണ്ടാം ക്രിക്കറ്റ് ടെസ്റ്റിന്റെ രണ്ടാം ഇന്നിംഗ്സിൽ ഇന്ത്യ ഒരു വിക്കറ്റ് നഷ്ടത്തിൽ 64 റൺസെന്ന നിലയിൽ.**

## വാർത്തകൾ വിശദമായി

പഞ്ചരാഷ്ട്ര സന്ദർശനത്തിന്റെ മൂന്നാം ഘട്ടത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് അർജന്റീനയുടെ തലസ്ഥാനമായ ബ്യൂണസ് ഐറിസിൽ എത്തും. ഗ്ലോബൽ സൗത്തുമായുള്ള ഇന്ത്യയുടെ ബന്ധങ്ങൾ ശക്തിപ്പെടുത്തുക എന്നതാണ് സന്ദർശനത്തിന്റെ ലക്ഷ്യം. 57 വർഷത്തിനിടെ ഒരു ഇന്ത്യൻ പ്രധാനമന്ത്രിയുടെ അർജന്റീനയിലേക്കുള്ള ആദ്യ ഉഭയകക്ഷി സന്ദർശനമാണിത്.

ഡെസ്ക് റിപ്പോർട്ട്

.........വോയ്സ്.........

ട്രിനിഡാഡ് ആൻഡ് ടൊബാഗോ സന്ദർശനത്തിന് ശേഷമാണ് പ്രധാനമന്ത്രി അർജന്റീനയിൽ എത്തുന്നത്. അർജന്റീനയുടെ സ്വാതന്ത്ര്യസമര സേനാനിയും ദേശീയ നായകനുമായ ജനറൽ ജോസ് ഡി സാൻ മാർട്ടിന്റെ പ്രതിമയിൽ ആദരാഞ്ജലികൾ അർപ്പിച്ചാണ് പ്രധാനമന്ത്രി തന്റെ സന്ദർശനം ആരംഭിക്കുക. തുടർന്ന്, മോദിക്ക് ആചാരപരമായ സ്വീകരണം നൽകും. പിന്നീട് പ്രധാനമന്ത്രി പ്രതിനിധിതല ചർച്ചകൾ നടത്തും. അർജന്റീന പ്രസിഡന്റ് ജാവിയർ മിലി അദ്ദേഹത്തിന്റെ ബഹുമാനാർത്ഥം ഒരുക്കുന്ന ഉച്ചഭക്ഷണവും ഉണ്ടായിരിക്കും. നഗരത്തിലെ ഐക്കണിക് ക്ലബ്ബായ ബോക്ക ജൂനിയേഴ്സിന്റെ ഫുട്ബോൾ സ്റ്റേഡിയവും പ്രധാനമന്ത്രി സന്ദർശിക്കും.

പ്രസിഡന്റ് ജാവിയർ മിലിയുടെ ക്ഷണപ്രകാരമാണ് പ്രധാനമന്ത്രിഅർജന്റീന സന്ദർശിക്കുന്നത്. ഇരു നേതാക്കളും തമ്മിലെ അവസാന കൂടിക്കാഴ്ച കഴിഞ്ഞ നവംബറിൽ ബ്രസീലിലെ റിയോ ഡി ജനീറോയിൽ നടന്ന ജി-20 ഉച്ചകോടിക്കിടെയായിരുന്നു. അർജന്റീന ലാറ്റിനമേരിക്കയിലെ ഒരു പ്രധാന സാമ്പത്തിക പങ്കാളിയാണെന്നും ജി-20 ഗ്രൂപ്പിംഗിലെ അടുത്ത സഹകാരിയാണെന്നും യാത്ര പുറപ്പെടുന്നതിനു മുൻപ് നടത്തിയ പ്രസ്താവനയിൽ നരേന്ദ്രമോദി പറഞ്ഞു.

അർജന്റീന സന്ദർശനത്തിന് ശേഷം പ്രധാനമന്ത്രി റിയോ ഡി ജനീറോയിൽ നടക്കുന്ന ബ്രിക്സ് ഉച്ചകോടിയിൽ പങ്കെടുക്കാൻ ബ്രസീലിലേക്ക് പോകും.

✪✪✪

ബ്രസീലിലെ റിയോ ഡി ജനീറോയിൽ നാളെയും മറ്റന്നാളും നടക്കുന്ന ബ്രിക്സ് ഉച്ചകോടിയിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി പങ്കെടുക്കും. ആറ് പതിറ്റാണ്ടുകൾക്ക് ശേഷം ഇതാദ്യമായാണ് ഒരു ഇന്ത്യൻ പ്രധാനമന്ത്രി ബ്രസീലിലെത്തുന്നത്. ഉച്ചകോടിക്കിടെ ബ്രസീൽ പ്രസിഡന്റ് ലൂയിസ് ഇനാഷിയോ ലുല ഡ സിൽവയുമായും മറ്റ് ആഗോള നേതാക്കളുമായും പ്രധാനമന്ത്രി കൂടിക്കാഴ്ച നടത്തും. വാണിജ്യ വ്യവസായ വിദഗ്ധരുമായി കൂടിക്കാഴ്ച്ച നടത്തുന്ന പ്രധാനമന്ത്രി ബിസിനസ് ഫോറത്തെയും അഭിസംബോധന ചെയ്യും.

✪✪✪

ട്രിനിഡാഡ് ആൻഡ് ടൊബാഗോ സന്ദർശനത്തിന്റെ രണ്ടാം ദിനം, പ്രധാനമന്ത്രി ട്രിനിഡാഡ് ആൻഡ് ടൊബാഗോയുടെ സംയുക്ത പാർലമെന്റ് സമ്മേളനത്തെ

അഭിസംബോധന ചെയ്തു. ജനാധിപത്യം ഒരു വ്യവസ്ഥ മാത്രമല്ല, ഒരു ജീവിതരീതി ആണെന്ന് പ്രധാനമന്ത്രി പറഞ്ഞു.

സന്ദർശനത്തിനിടെ ആറ് ധാരണാപത്രങ്ങളും ഒപ്പുവെച്ചു. നയതന്ത്ര പരിശീലനം, കായികം, ICCR സ്ഥാപിക്കൽ, സാംസ്കാരിക കൈമാറ്റങ്ങൾ, എല്ലാവർക്കും പ്രാപ്യമായ ഫാർമസ്യൂട്ടിക്കൽസ് മേഖലകളിലാണ് ധാരണാപത്രം ഒപ്പിട്ടത്. കൂടാതെ, ട്രിനിഡാഡ് ആൻഡ് ടൊബാഗോയിലെ വിദ്യാർത്ഥികൾക്ക് ഇന്ത്യ 2000 ലാപ്ടോപ്പുകൾ നൽകുമെന്നും പ്രധാനമന്ത്രി പ്രഖ്യാപിച്ചു.

✪✪✪

രണ്ട് ദിവസത്തെ സന്ദർശനത്തിനായി ഉപരാഷ്ട്രപതി ജഗ്ദീപ് ധൻകർ നാളെ കേരളത്തിലെത്തും. മറ്റന്നാൾ അദ്ദേഹം ഗുരുവായൂർ ക്ഷേത്രം സന്ദരശിക്കും. ഇതിന്റെ ഭാഗമായി ക്ഷേത്രത്തിൽ 2 മണിക്കൂർ ദർശന ക്രമീകരണം ഏർപ്പെടുത്തും.

ഉപരാഷ്ട്രപതിയുടെ സുരക്ഷാ മുന്നൊരുക്കത്തിന്റെ ഭാഗമായി രാവിലെ 8 മുതൽ പത്തു വരെ വിവാഹം, ചോറൂൺ, ക്ഷേത്രദർശനം എന്നിവയ്ക്ക് നിയന്ത്രണമുണ്ടാകും. വിവാഹം, ചോറൂൺ എന്നിവ രാവിലെ 7 മണിക്ക് മുമ്പോ 10 മണിക്ക് ശേഷമോ നടത്തേണ്ടതാണ്. വിവാഹങ്ങൾ നടത്തുന്നതിനായി കൂടുതൽ വിവാഹ മണ്ഡപങ്ങൾ ഏർപ്പെടുത്തും.

'ക്ഷേത്രം ഇന്നർ റിങ്ങ് റോഡുകളിൽ മറ്റന്നാൾ രാവിലെ മുതൽ വാഹന പാർക്കിങ്ങ് അനുവദിക്കില്ല. ഉപരാഷ്ട്രപതിയുടെ സന്ദർശനം കഴിയുന്നതുവരെ തെക്കേ നടയുടെ ഇരുവശങ്ങളിലുമുള്ള കടകൾ തുറക്കാനും അനുവാദമില്ല.

ഉപരാഷ്ട്രപതിയുടെ ഗുരുവായൂർ ക്ഷേത്ര സന്ദർശനവുമായി ബന്ധപ്പെട്ട് ദേവസ്വം ഏർപ്പെടുത്തുന്ന ക്രമീകരണങ്ങളോട് ഭക്തജനങ്ങൾ സഹകരിക്കണമെന്ന് അധികൃതർ ആവശ്യപ്പെട്ടു.

✪✪✪

കേന്ദ്ര വാർത്താ വിതരണ പ്രക്ഷേപണ വകുപ്പ് സഹമന്ത്രി എൽ.മുരുകൻ ഏകദിന സന്ദർശനത്തിനായി ഇന്നലെ തിരുവനന്തപുരത്തെത്തി. ഇന്ന് രാവിലെ കഴക്കൂട്ടം അൽ-സാജ് കൺവെൻഷൻ സെന്ററിൽ നടക്കുന്ന ശ്രീ ഉത്രാടം തിരുന്നാൾ അക്കാദമി ഓഫ് മെഡിക്കൽ സയൻസസിന്റെ 14-ാമത് ബിരുദദാന ചടങ്ങിൽ അദ്ദേഹം മുഖ്യാതിഥിയാകും. നാളെ അദ്ദേഹം ചെന്നൈയിലേക്ക് മടങ്ങും.

✪✪✪

സംസ്ഥാനത്ത് നിപ സമ്പർക്കപ്പട്ടികയിൽ ആകെ 345 പേർ ഉൾപ്പെട്ടതായി ആരോഗ്യ മന്ത്രി വീണാ ജോർജ് അറിയിച്ചു. മലപ്പുറത്ത് 211 പേരും പാലക്കാട് 91 പേരും കോഴിക്കോട് 43 പേരുമാണ് സമ്പർക്കപ്പട്ടികയിലുള്ളത്. കോഴിക്കോട് സമ്പർക്കപ്പട്ടികയിൽ ഉള്ളവർ ആരോഗ്യ പ്രവർത്തകരാണ്.

✪✪✪

പാലക്കാട് തച്ചനാട്ടുകര നാട്ടുകൽ സ്വദേശിനിക്ക് നിപാ സ്ഥിരീകരിച്ച സാഹചര്യത്തിൽ മഞ്ചേരി മെഡിക്കൽ കോളേജ് ആശുപത്രിയിൽ ഐസൊലേഷൻ വാർഡ് തുറന്നു. പേവാഡ് ബ്ലോക്കാണ് ഐസൊലേഷൻ വാർഡാക്കി മാറ്റിയത്. വെന്റിലേറ്റർ സൗകര്യത്തോടെയുള്ള 30 ബെഡുകളാണ് ഒരുക്കിയത്. 9 ഐസിയു ബെഡുകളും 5 വെന്റിലേറ്ററും വാർഡിൽ ഒരുക്കി. യുവതി ഇവിടെ ചികിത്സയിലാണ്. ഇവരുമായി സമ്പർത്തിലുള്ളവരെ നിരീക്ഷിക്കും. നിരീക്ഷണത്തിൽ പ്രവേശിക്കുന്നവരുടെ സ്രവം മഞ്ചേരി മൈക്രോബയോളജി ലാബിൽവച്ചുതന്നെ പരിശോധിക്കും. വൈറസ് സാന്നിധ്യം കണ്ടെത്തിയാൽ സ്ഥിരീകരിക്കാനായി പുണെ വൈറോളജി ലാബിലേക്കയക്കും.

നിപാ സാഹചര്യത്തിൽ മലപ്പുറം ജില്ലയിൽ മക്കരപ്പറമ്പ്, കൂട്ടിലങ്ങാടി, കുറുവ, മങ്കട പഞ്ചായത്തുകളിലെ 20 വാർഡുകൾ കണ്ടെയ്ൻമെന്റ് സോണുകളായി പ്രഖ്യാപിച്ചു.

✪✪✪

മലപ്പുറം മക്കരപ്പറമ്പ് ചെട്ടിയാരങ്ങാടിയിൽ നിപ ബാധ സംശയിച്ച് 18 വയസ്സുകാരി മരിച്ച സാഹചര്യത്തിൽ ജനങ്ങൾ ജാഗ്രത പാലിക്കണമെന്ന് ജില്ലാ മെഡിക്കൽ ഓഫീസർ R രേണുക. സ്ഥിതിഗതികൾ വിലയിരുത്തുന്നതിനായി DMO-യുടെ അധ്യക്ഷതയിൽ ജില്ലാ പ്രോഗ്രാം ഓഫീസർമാരുടെയും എപിഡമോളജിസ്റ്റുകൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ എന്നിവരുടെ യോഗം ചേർന്നു. കേസ് റിപ്പോർട്ട് ചെയ്ത സ്ഥലത്ത് ജില്ലാ സർവയലൻസ് ഓഫീസർ ഡോ. സി ഷുബിന്റെ നേതൃത്വത്തിലുള്ള ആരോഗ്യസംഘം സർവയലൻസ് നടത്തി.

✪✪✪

കോഴിക്കോട് ജില്ലയിലെ ഒരു സ്വകാര്യ ആശുപത്രിയിൽ ചികിത്സ തേടിയ ശേഷം മരിച്ച രോഗി നിപ ബാധിതയാണെന്ന് പ്രാഥമിക പരിശോധനയിൽ തെളിഞ്ഞതായി ജില്ലാ മെഡിക്കൽ ഓഫീസർ അറിയിച്ചു. ഇവർക്ക് പൊതുജനങ്ങളുമായി സമ്പർക്കമുണ്ടായിട്ടില്ല. അതിനാൽ ജനങ്ങൾ പരിഭ്രാന്തരാകേണ്ടതില്ല. സംഭവവുമായി ബന്ധപ്പെട്ട് 43 ആരോഗ്യപ്രവർത്തകർ നിരീക്ഷണത്തിലാണ്.

നിപയുമായി ബന്ധപ്പെട്ട സംശയങ്ങൾ അകറ്റാൻ രാവിലെ ഒമ്പത് മുതൽ വൈകീട്ട് അഞ്ച് വരെ നിപ പ്രത്യേക കൺട്രോൾ റൂം പ്രവർത്തനമാരംഭിച്ചതായും ജില്ലാ മെഡിക്കൽ ഓഫീസർ അറിയിച്ചു.

✪✪✪

നിപ വൈറസ് വ്യാപനത്തിനെതിരായ മുൻകരുതലിന്റെ ഭാഗമായി, സംശയമുള്ള രോഗികളെ പ്രവേശിപ്പിക്കാൻ കോഴിക്കോട് മെഡിക്കൽ കോളേജിലെ KHRWS പേ വാർഡിലെ ഒരു ഭാഗം അനുവദിച്ച് ജില്ലാ ദുരന്ത നിവാരണ അതോറിറ്റി ചെയർമാൻ കൂടിയായ ജില്ലാ കലക്ടർ സ്നേഹിൽ കുമാർ സിങ് ഉത്തരവിട്ടു. നിപ വൈറസ് ബാധക്കെതിരായ മുൻകരുതലുകളെയും രോഗവ്യാപനം തടയുന്നതിന് പ്രതിരോധ നടപടികളെയും കുറിച്ച് സംസ്ഥാന ആരോഗ്യ-കുടുംബക്ഷേമ വകുപ്പിന്റെ മാർഗനിർദേശങ്ങളെ തുടർന്നാണ് നടപടി.

✪✪✪

സംസ്ഥാനത്തെ നെൽകർഷകർ നേരിടുന്ന പ്രശ്നങ്ങൾ സംബന്ധിച്ച റിപ്പോർട്ട് രണ്ടാഴ്ച്ചയ്ക്കകം കേന്ദ്ര ഗവൺമെന്റിന് സമർപ്പിക്കുമെന്ന് BJP ദേശീയനിർവാഹക സമിതി അംഗം കുമ്മനം രാജശേഖരൻ പറഞ്ഞു.

പാർട്ടി സംസ്ഥാന നേതൃത്വം നിയോഗിച്ച മൂന്നംഗ സമിതി പാലക്കാട്ടെ കർഷകരിൽ നിന്ന് വിവരങ്ങൾ തേടിയശേഷം നടത്തിയ വാർത്താ സമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

കർഷകരിൽ നിന്നുള്ള തെളിവെടുപ്പിന് ശേഷം സംസ്ഥാന കൃഷി-ഭക്ഷ്യ-ജലവിഭവ-വൈദ്യുതി വകുപ്പ് മന്ത്രിമാരുമായി ചർച്ച നടത്തും. നെല്ല് സംഭരണം കേന്ദ്രം ഏറ്റെടുക്കണമെന്ന കർഷകരുടെ ആവശ്യം കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുമെന്നും അദ്ദേഹം പറഞ്ഞു.

✪✪✪

സംസ്ഥാനത്തെ വടക്കൻ ജില്ലകളിൽ ഇന്നും മഴ ശക്തമാകുമെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് മുന്നറിയിപ്പ് നൽകി. ഇന്ന് എറണാകുളം, തൃശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർകോട് ജില്ലകളിൽ മഞ്ഞ ജാഗ്രതാ നിർദേശമുണ്ട്.

✪✪✪

പൊതുമേഖല സ്ഥാപനങ്ങൾ ശക്തിപ്പെടണമെന്നും ലാഭകരമാകണമെന്നും മന്ത്രി P രാജീവ് പറഞ്ഞു. KMML സിംഗിൾ ഗാർഡൻ പ്രി സ്ട്രെസ്ഡ് കോൺക്രീറ്റ് നടപ്പാലം കെല്ലത്ത് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

KMML  എംഎസ് യൂണിറ്റിനു മുന്നിൽ കോവിൽത്തോട്ടം ഭാഗത്ത് TS കനാലിനു കുറുകെയാണ് നടപ്പാലം. ദേശീയ ജലപാത വികസനത്തിന് ഉതകുന്ന പുതിയ സാങ്കേതികവിദ്യയിലാണ് പാലം നിർമ്മിച്ചത്.

✪✪✪

ഇന്ന് മലയാളികളുടെ പ്രിയ എഴുത്തുകാരൻ വൈക്കം മുഹമ്മദ് ബഷീറിന്റെ അനുസ്മരണ ദിനം. രാവിലെ ബേപ്പൂരിലെ വൈലാലിൽ വീട്ടിൽ നടക്കുന്ന ചടങ്ങിൽ മന്ത്രി PA മുഹമ്മദ് റിയാസ് പങ്കെടുക്കും. ഒരു ദിവസം നീണ്ടുനിൽക്കുന്ന പരിപാടികളാണ് നടക്കുന്നത്.

അനുസ്മരണത്തിന്റെ ഭാഗമായി ബേപ്പൂർ ഗവ. ഹയർ സെക്കണ്ടറി സ്‌ക്കൂൾ വിദ്യാരംഗം കലാവേദിയും മാജിക് വേൾഡും ബേപ്പൂർ പബ്ലിക് ലൈബ്രറിയും ചേർന്ന് ഒരുക്കുന്ന ബഷീർ മാജിക് ഉത്സവത്തിന് ബേപ്പൂരിൽ തുടക്കമായി. മാന്ത്രികൻ പ്രദീപ് ഹുഡിനോ വൈക്കം മുഹമ്മദ് ബഷീറുമായുള്ള തന്റെ മാന്ത്രിക സ്മരണകൾ ഓർത്തെടുത്തു.

✪✪✪

കണ്ണൂർ തളിപ്പറമ്പ് രാജരാജേശ്വര ക്ഷേത്രത്തിൽ നിർമ്മിച്ച പൂർണകായ ശിവ ശില്പം ഇന്ന് വൈകിട്ട് ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ അനാവരണം ചെയ്യും. ശില്പി ഉണ്ണി കാനായി ആണ് 14 അടി ഉയരമുള്ള വെങ്കല ശില്പം നിർമിച്ചത്. വ്യവസായി മൊട്ടമ്മൽ രാജനാണ് ശില്പം ക്ഷേത്രത്തിന് സമർപ്പിക്കുന്നത്.

✪✪✪

ആരോഗ്യ മന്ത്രിയുടെ രാജി ആവശ്യപ്പെട്ട് BJP-യുടെ നേതൃത്വത്തിൽ ഇന്ന് കോഴിക്കോട് മെഡിക്കൽ കോളേജിലേക്ക് മാർച്ച് നടത്തും. മുൻ സംസ്ഥാന അധ്യക്ഷൻ K സുരേന്ദ്രൻ ഉദ്ഘാടനം ചെയ്യും.

✪✪✪

ബർമിംഗ്ഹാമിൽ ഇംഗ്ലണ്ടിന് എതിരായ രണ്ടാം ക്രിക്കറ്റ് ടെസ്റ്റിന്റെ മൂന്നാം ദിനം രണ്ടാം ഇന്നിംഗ്സ് ബാറ്റിംഗ് ആരംഭിച്ച ഇന്ത്യ ഒരു വിക്കറ്റ് നഷ്ടത്തിൽ 64 റൺസെടുത്തു. 28 റൺസെടുത്ത യശസ്വി ജയ്സ്വാൾ ആണ് പുറത്തായത്. ഇന്ത്യക്ക് നിലവിൽ 244 റൺസിന്റെ ലീഡുണ്ട്. ഒന്നാം ഇന്നിംഗ്സിൽ ഇന്ത്യ 587 റൺസും ഇംഗ്ലണ്ട്  407 റൺസുമാണ് നേടിയത്. നാലാം ദിവസത്തെ മത്സരം ഉച്ചകഴിഞ്ഞ് 3.30ന് ആരംഭിക്കും.

✪✪✪

ഇന്ത്യാ- ഇംഗ്ലണ്ട് അഞ്ചു മത്സര വനിതാ  ട്വന്റി-20 ക്രിക്കറ്റ് പരമ്പരയിലെ മൂന്നാം മത്സരത്തിൽ ഇംഗ്ലണ്ടിന് 5 റൺസ്  ജയം. ലണ്ടനിലെ ഓവലിൽ 172  റൺസ് വിജയലക്ഷ്യം പിന്തുടർന്ന ഇന്ത്യക്ക് 5 വിക്കറ്റ് നഷ്ടത്തിൽ 166 റൺസെടുക്കാനേ സാധിച്ചുള്ളൂ. പരമ്പരയിൽ ഇന്ത്യ 2-1 ന് മുന്നിലാണ്.

✪✪✪

ക്രൊയേഷ്യയിലെ സാഗ്രെബിൽ 2025 ലെ ഗ്രാൻഡ് ചെസ് ടൂറിന്റെ ഭാഗമായ റാപ്പിഡ് ആൻഡ് ബ്ലിറ്റ്സ് ടൂർണമെന്റിലെ റാപ്പിഡ് വിഭാഗത്തിൽ നിലവിലെ ലോക ചാമ്പ്യനും ഇന്ത്യൻ താരവുമായ ഡി ഗുകേഷ്  കിരീടം നേടി. ഇന്നലെ നടന്ന ഫൈനൽ റൗണ്ടിൽ അമേരിക്കയുടെ വെസ്ലി സോയെ പരാജയപ്പെടുത്തിയാണ് 19 കാരനായ ഗുകേഷിന്റെ വിജയം.

✪✪✪

മലപ്പുറം എടക്കര മൂത്തേടം ഉച്ചക്കുളം വനത്തിൽ കാട്ടാന ആക്രമണത്തിൽ രണ്ട് ആദിവാസി യുവാക്കൾക്ക് പരിക്കേറ്റു. ഉച്ചക്കുളം ആദിവാസി നഗറിലെ അരുൺ , സുധീഷ് എന്നിവർക്കാണ് പരിക്കേറ്റത്. ജോലി കഴിഞ്ഞ് ബൈക്കിൽ മടങ്ങവെ കൽക്കുളം- ഉച്ചക്കുളം റോഡിലെ കാരക്കുന്ന് പ്രദേശത്തുവച്ചാണ് ഇരുവരേയും കാട്ടാന ആക്രമിച്ചത്. ഇന്നലെ രാത്രി എട്ടിനാണ് സംഭവം.

✪✪✪

*News Editor :  പി ചന്ദ്രബാബു*
*News Reader: സയ്യിദ് അലി  ശിഹാബ്*
*CNRT: രജ്ന കെ*
*DEO : സി കെ സുബോധ്*